പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 645 — 30.06.2016-ൽ മറുപടിക്ക്.

## മറുനാടൻ തൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തുള്ള മറുനാടൻ തൊഴിലാളികളുടെ കൃത്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാണോ; | (എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| (ബി) മറുനാടൻ തൊഴിലാളികളുടെ രജിസ്ട്രേഷന് നിലവിൽ അവലംബിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; | (ബി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷൻ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ജില്ലാ ഓഫീസുകൾ മുഖേന നൽകിയിരുന്നു. |
| (സി) രജിസ്ട്രേഷന്റെ ആവശ്യകത മനസ്സിലാക്കി മറുനാടൻ തൊഴിലാളികളെ സംസ്ഥാനത്ത് സ്വയമേ രജിസ്റ്റർ ചെയ്യിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കും? | (സി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ കീഴിൽ കുടിയേറ്റ തൊഴിലാളികളുടെ സ്വമേധയായുള്ള രജിസ്ട്രേഷനാണ് നടത്തി വരുന്നത്. കൂടാതെ ഇവരുടെ കൃത്യമായ വിവര ശേഖരണം നടത്തുന്നതിനും രജിസ്ട്രേഷനോടുകൂടി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമായുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ "ആവാസ്" എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ